**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1153** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാതവികസനവും നിർമ്മാണപുരോഗതിയും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ദേശീയപാത വികസനപ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ദേശീയപാത വികസനപ്രവൃത്തികളുടെ നിലവിലുള്ള പുരോഗതിയുടെ വിശദ വിവരം **അനുബന്ധം** A ആയി ചേർക്കുന്നു.

**(ബി)** കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള റീച്ചുകളിലെ നിർമ്മാണ ജോലികൾ ഏത് ഘട്ടത്തിലാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ ദേശീയ പാത നിർമ്മാണം ദേശീയ പാത അതോറിറ്റിയാണ് ചെയ്യുന്നത്. ദേശീയപാതാ നിർമാണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികൾ പരിശോധനയ്ക്കും ആവശ്യമായ തുടർനടപടികൾക്കുമായി ബന്ധപ്പെട്ട ദേശീയപാതാ PIU-കൾക്കും പ്രോജക്ട് ഡയറക്ടർമാർക്കും നൽകുകയും പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധനകൾ നടത്തുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിന് കരാറുകാർക്കും കൺസഷനെയർമാർക്കും നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. പരാതികളുടെ പരിഹാര പുരോഗതി റീജിയണൽ ഓഫീസ് തുടർച്ചയായി നിരീക്ഷിക്കുകയും, പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി തുടർനടപടികളും പ്രവർത്തന പുരോഗതി റിപ്പോർട്ടുകളുടെ പരിശോധനയും നടത്തിവരുന്നു.

**(ഡി)** സർവീസ് റോഡുകളും ഉയരപ്പാതകളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും നിർവഹണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പതിവായി അവലോകന യോഗങ്ങൾ നടത്തിവരുന്നു. കൺസഷനെയർ, ഇൻഡിപെൻഡന്റ് എൻജിനീയർ, കൺസൾട്ടന്റുമാർ, ബന്ധപ്പെട്ട അധികാരികൾ എന്നിവരുമായി ഏകോപനം നടത്തി നിർമാണപ്രവർത്തനങ്ങളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി ആവശ്യമായ നിർദേശങ്ങൾ യഥാസമയം നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**

**ANNEXURE-A**

| Sr. No | Name of Project | Length (km) | Likely Completion date | Physical progress (%) |
|---|---|---|---|---|
| 1. | 6-laning of Chengala to Neeleshwaram section of NH-66 | 37.27 | 31.03.2027 | 91.23 |
| 2. | 6-laning of Neeleshwaram to Thalipparamba section of NH-66 | 40.11 | 31.03.2027 | 87.46 |
| 3. | 6-laning of Thalipparamba to Muzhapilangadu section of NH-66 | 29.95 | 30.04.2028 | 83.76 |
| 4. | 6-laning of Azhiyur to Vengalam of NH-66 | 40.8 | 31.03.2028 | 68.3 |
| 5. | Balance work of widening of 4 nos existing 2 Lane major Bridge of Six-laning of Kozhikode Bypass (Calicut Bypass) (i.e. Vengalam Jn. to Ramanattukara Jn.) section of NH-66 | 1.895 | 30.12.2026 | 69.19 |
| 6. | 6-laning of Kodungallur- Edapally section of NH-66 | 26.03 | 31.05.2027 | 71.42 |
| 7. | Construction of 6 lane Elevated Corridor along with development of existing 4 lane road at ground level from Aroor to Thuravoor Thekku section of NH 66 | 12.75 | 06.01.2027 | 92.23 |
| 8. | 6 Laning of Thuravoor Thekku – Paravoor section of NH-66 | 38.39 | 31.05.2027 | 82.57 |
| 9. | 6 laning of Paravoor to Kottukulangara section of NH-66 | 37.5 | 30.11.2027 | 77.01 |
| 10. | 6 laning of Kottukulangara to start of Kollam bypass section of NH 66 | 31.5 | 30.12.2027 | 77.40 |
| 11. | 6 Laning of Start of Kollam Bypass to Kadambattukonam section of NH-66 | 31.25 | 30.06.2027 | 96.53 |
| 12. | 6 Laning of Kadambattukonam to Kazhakuttom of NH-66 | 29.83 | 31.05.2027 | 76.6 |
| 13. | Rectification of 4 Nos. black spots/Accident Spots in Thiruvananthapuram Bypass section of NH-66 | 2.42 | 31.03.2027 | 42.09 |
| 14. | Rectification of 11 Nos. black spots/Accident Spots in the stretch of Walayar-Angamaly section of NH-544 | 12.075 | 28.02.2027 | 73.64 |
| 15. | Widening/Development of existing NH-85 | 124.63 | 31.03.2027 | 87.04 |
| 16. | Construction of an underpass at km 184.850, supply & installation of Street lighting, Construction of Service roads and other miscellaneous works in Thalassery Mahe bypass on NH 66 | 1.130 | 31.05.2027 | 65.31 |
| 17. | Rectification of 17 Nos blackspot from Walayar to Angamaly section of | 17.25 | 31.03.2028 | 5.67 |
| | **GRAND TOTAL** | **514.786Km** | | |